II ഇ.ബി. XIII- കേരള നിയമസഭ/X-13

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ഫെബ്രുവരി 04, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**40(*391) ഇ–ടെണ്ടർ ബഹിഷ്കരിച്ച കരാറുകാർ**

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, 2013–ൽ സപ്ലൈകോ 406 ക്രിസ്തുമസ് ഫെയറുകൾ സംഘടിപ്പിച്ചതിലൂടെ 37 കോടി രൂപയുടെ വിറ്റുവരവുണ്ടാക്കിയിട്ടുണ്ടെന്നും നടപ്പുസാമ്പത്തിക വർഷം 2134000 ക്വിന്റൽ ഭക്ഷ്യധാന്യങ്ങൾ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇക്കഴിഞ്ഞ ക്രിസ്തുമസ്സിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇ–ടെണ്ടറിൽ പങ്കെടുക്കാത്ത മൊത്ത വിതരണക്കരാറുകാരെ പ്രതിനിധീകരിക്കുന്ന സംഘടനകളുടെ ഭാരവാഹികൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് അവർ നൽകിയ മറുപടിയിൽ ടെണ്ടർ ബഹിഷ്കരിച്ചതല്ലെന്നും കൺസ്യൂമർഫെഡ് കുടിശ്ശിക കൊടുക്കാത്തതുമൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് ടെണ്ടറിൽ

പങ്കെടുക്കാൻ കഴിയാതിരുന്നതെന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്. കരാറുകാരുടെ നടപടി നീതീകരിക്കാനാവില്ലെന്നും അനാരോഗ്യകരമായ പ്രവർത്തനത്തിന് ഇത് കാരണമാകുമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ആവർത്തിച്ചാൽ മുന്നറിയിപ്പില്ലാതെ കരിമ്പട്ടികയിൽപ്പെടുത്തി ടെണ്ടർ നടപടികളിൽനിന്ന് ഒഴിവാക്കുമെന്ന് കാണിച്ച് താക്കീത് നൽകിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് സാമ്പത്തിക നഷ്ടമോ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന് തടസ്സമോ ഉണ്ടായിട്ടില്ലെന്നും തുടർന്ന് നടന്ന ടെണ്ടറിൽ എല്ലാ വിതരണക്കാരും പങ്കെടുക്കുകയുണ്ടായിയെന്നും മന്ത്രി വ്യക്തമാക്കി. വിതരണക്കാർ ഇ–ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യങ്ങളുണ്ടായാൽ ബദൽ സംവിധാനമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് നേരിട്ട് സാധനങ്ങൾ വാങ്ങുന്നതിന് സപ്ലൈകോ ഉദ്യോഗസ്ഥരെ അന്യസംസ്ഥാനങ്ങളിലേയ്ക്ക് അയച്ചത്. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങൽ നടപടികൾ ഇ–ടെണ്ടർ മുഖേനയായിരിക്കണമെന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് സപ്ലൈകോ സാധനങ്ങൾ വാങ്ങുന്നതെന്നും ക്വാളിറ്റി കൺട്രോളർമാരുടെ കർശന പരിശോധനയ്ക്ക് വിധേയമാക്കിയശേഷമാണ് അവ വിതരണം ചെയ്യുന്നതെന്നും മന്ത്രി വ്യക്തമാക്കി. നിലവിലുള്ള പർച്ചേസ് മാന്യുവൽ പരിഷ്കരിക്കുന്നതു സംബന്ധിച്ച് ആലോചിച്ചു വരികയാണ്. സ്ഥലപരിമിതിമൂലം നിത്യോപയോഗസാധനങ്ങൾ കൂടുതലായി സ്റ്റോക്ക് ചെയ്യാൻ കഴിയാത്ത മാവേലി സ്റ്റോറുകളിൽ ബദൽ സംവിധാനത്തിലൂടെ സാധനങ്ങളെത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിപണിയിടപെടലിലൂടെ സാമൂഹിക പ്രതിബദ്ധതയോടുകൂടിയ പ്രവർത്ത

നമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിവരുന്നതെന്നും ഈ സർക്കാർ അധികാരമേറ്റശേഷം സപ്ലൈകോയുടെ 104 പുതിയ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഭക്ഷ്യധാന്യങ്ങൾക്കു പുറമെ സപ്ലൈകോവഴി വിതരണം ചെയ്യുന്ന മറ്റ് ഉല്പന്നങ്ങളിൽ നിന്ന് ലഭിക്കുന്ന ലാഭം സബ്സിഡി യിനത്തിലുണ്ടാകുന്ന നഷ്ടം നികത്താൻ ഉപയോഗിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

41 (*392) <u>ദുരന്തനിവാരണ സംവിധാനം</u>

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, ദുരന്തനിവാരണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 100 പോലീസ് സേനാംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത നിവാരണ സേന (സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫോഴ്സ്) രൂപീകരിച്ച് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിന്റെ മാതൃകയിൽ ട്രെയിനിംഗ് നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഈ സേനയിലെ 5 അംഗങ്ങളെ വീതം ഓരോ ജില്ലയിലും ബാക്കിയുള്ള 30 പേരെ മൂന്നായി വിഭജിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങ ളിലായും വിന്യസിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് സമഗ്രമായ ഗവേഷണ പഠന പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള ശാസ്ത്ര വിഭാഗങ്ങളായ ഭൗമശാസ്ത്ര പഠനകേന്ദ്രത്തി ന്റെയും ഐ.എൽ.ഡി.എം-ന്റെയും സഹകരണത്തോടെ ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ദുരന്ത സാദ്ധ്യതാ അപഗ്രഥന സെല്ലിനെ (എച്ച്.വി.ആർ.എ-സെൽ) 26-12-2013-ലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (എസ്.ഇ.

ഒ.സി.) ആയി പുനർനാമകരണം ചെയ്തിട്ടുണ്ട്. 24 മണിക്കൂറും സുസജ്ജ മായ നിരീക്ഷണ/പരിരക്ഷണ സംവിധാനം വിഭാവനം ചെയ്യുന്ന പ്രസ്തുത കേന്ദ്രത്തിനുവേണ്ടി ആസ്ഥാന മന്ദിരം സ്ഥാപിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അനുബന്ധ സജ്ജീകരണങ്ങൾ സജ്ജമാക്കുന്നതിന് ഐ.ബി.എം, ഇന്റർഗ്രാഫ് കമ്പനികളിൽനിന്നും വിശദാംശങ്ങൾ ക്ഷണിച്ചി ട്ടുണ്ട്. ദുരന്തങ്ങളെ സമഗ്ര പഠനത്തിന് വിധേയമാക്കുന്നതിനും അവയെ പ്രതിരോധിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുംവേണ്ടി സ്വയം നിയന്ത്രിതങ്ങളായ വെതർസ്റ്റേ ഷൻ, ഡിസ്ചാർജ്ജ് ഗേജ്, ഭൂകമ്പ മാപിനികൾ എന്നിവയെല്ലാം സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമായി (എസ്.ഇ.ഒ.സി) ബന്ധിപ്പി ക്കുകയും ദുരന്തങ്ങളുടെ മുൻകൂട്ടിയുള്ള പ്രവചനം സാദ്ധ്യമാക്കുകയും ചെയ്യുന്നുണ്ടെന്നും ജില്ലകളിലുള്ള ദുരന്ത നിവാരണ സംവിധാനത്തിന് നിർദ്ദേശങ്ങൾ നൽകുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്നായതിനാൽ കേന്ദ്രീകൃതമായ ഒരു ദുരന്ത നിവാരണ പ്രവർത്തന ശൈലി വിഭാവനം ചെയ്യുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. റവന്യൂ ദുരന്ത നിവാരണം, ആഭ്യന്തരം, ആരോഗ്യം, ശാസ്ത്ര സാങ്കേതികം, അഗ്നിശമനസേന, കൃഷി, തദ്ദേശസ്വയംഭരണം, വ്യവസായം, മൃഗസംരക്ഷണം, ജലവിഭവം, പൊതു മരാമത്ത്, വനം, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ വകുപ്പുകളുമായി സഹകരിച്ചാണ് സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്ര (എസ്.ഇ.ഒ.സി) ത്തിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് എറണാകുളം കേന്ദ്രീകരിച്ച് ദുരന്തനിവാരണ സേനയുടെ കേന്ദ്രം ആരംഭിക്കുന്നതാണ്. ജില്ലാകളക്ടർമാർ ആവശ്യപ്പെടുന്നതനുസരിച്ച്

ദുരന്തങ്ങളെ നേരിടുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വെള്ളപ്പൊക്കംമൂലം ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയേണ്ടിവരുന്നവർക്ക് 2000 രൂപ വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ദുരന്തബാധിത പ്രദേശങ്ങളിൽ അടിയന്തരമായി എത്തിച്ചേരുന്നതിന് സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഹെലികോപ്ടർ വാങ്ങുന്നതു സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ദുരന്തനിവാരണ സേന ഫണ്ടിൽ നിന്ന് ഫയർഫോഴ്സിന് അനുവദിക്കുന്ന തുക 10 ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഇത് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സുതാര്യമാക്കി ആധുനിക ഉപകരണങ്ങൾ വാങ്ങി സേനയെ ശക്തിപ്പെടുത്തുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി അറിയിച്ചു.

42(*393) <u>പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ നടപടി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കോളേജുകളില്ലാത്ത 22 നിയോജകമണ്ഡലങ്ങളിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കാൻ തീരുമാനിച്ചതിൽ 11 എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അനുമതി ലഭിച്ചതിൽ കോഴിക്കോട് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട 7 കോളേജുകളിൽ അദ്ധ്യയനം ആരംഭിച്ചിട്ടുണ്ട്. പല കോളേജുകളിലും പുതിയ കോഴ്സുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, സൗജന്യ പാഠപുസ്തക വിത

രണം, സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8–ാം ക്ലാസ് വരെയുള്ള ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പെൺകുട്ടികൾക്ക് യൂണിഫോം വിതരണം, ഉച്ചഭക്ഷണ പരിപാടി കുറ്റമറ്റതാക്കൽ, അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയ കർമ്മ പദ്ധതികൾ നടപ്പാക്കി വരുന്നതിനാൽ സജീവമായ ക്ലാസ് മുറികളും സംതൃപ്തരായ അദ്ധ്യാപക–രക്ഷാകർതൃ സമൂഹവും സ്കൂളുകളിലുണ്ടായിട്ടുണ്ട്. ഹയർ സെക്കന്ററി പഠന സൗകര്യത്തിന് സീറ്റുകളുടെ അപര്യാപ്തത അനുഭവപ്പെട്ട കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലായി 550 അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാകുന്ന മുറയ്ക്ക് ഹയർ സെക്കന്ററി സ്കൂളുകളില്ലാത്ത പഞ്ചായത്തു കളിൽ അത് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. മികച്ച പഠനാ ന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിച്ചു നൽകി യിട്ടുണ്ട്. അദ്ധ്യാപക പാക്കേജ് വഴി നിയമനാംഗീകാരം മുടങ്ങിക്കിടന്ന 3361 അദ്ധ്യാപകർക്കും വിവിധ കാരണങ്ങളാൽ സർവ്വീസിൽ നിന്ന് പുറത്തു പോകേണ്ടി വന്ന 1462 അദ്ധ്യാപകർക്കും 182 അദ്ധ്യാപകേതര ജീവന ക്കാർക്കും പഞ്ചായത്ത് സ്കൂളുകളിലെ 17 അദ്ധ്യാപകർക്കും നിയമനാം ഗീകാരം നൽകിയിട്ടുണ്ട്. സർവ്വീസിൽ നിന്നും പുറത്തുപോയ അനദ്ധ്യാപ കർക്ക് നിയമനാംഗീകാരം നൽകുന്ന കാര്യം പരിഗണിച്ചുവരികയാണ്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാം ഗീകാരം ഉൾപ്പെടെയുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിന് കണ്ണൂർ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ മേഖലാ ഓഫീസുകളും തളിപ്പറമ്പ്,

തിരൂരങ്ങാടി, മണ്ണാർക്കാട് എന്നിവിടങ്ങളിൽ ഡി.ഇ. ഓഫീസും അനുവദിച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുകയും കോട്ടയം, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ എയ്ഡഡ് കോളേജുകളിൽ മാനേജ്മെന്റ് നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗാന്ധി ജയന്തി വാരം ആഘോഷിക്കുന്നതാണെന്നും പാഠ്യപദ്ധതി പരിഷ്കരിക്കുന്നതാണെന്നും സ്കൂളുകളിൽ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും മൈനോറിറ്റി ഗ്രാന്റ് ലാപ്സാകാതെ നേടിയെടുക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4610 മുതൽ 4664 വരെയുള്ള ചോദ്യങ്ങളിൽ 92 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)